ആ ഒരു പിശകാണ് യഥാർത്ഥത്തിൽ ഈ ഒരു സ്ഥിതിയിലേക്ക് എത്തിക്കുന്നതിന് വഴി തെളിയിച്ചത്. എന്നാൽ ഇക്കാര്യത്തിൽ ഉടൻതന്നെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ നാടാർ വിഭാഗങ്ങളുമായി ചർച്ച നടത്തി സമവായത്തിൽ തീരുമാനിക്കാമെന്ന് സർക്കാർ, വി.എസ്.ഡി.പി. പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. ഇതിനായി മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സമരത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. പ്രധാനപ്പെട്ട ആവശ്യങ്ങളിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വൈകുണ്ഠ സ്വാമിക്ക് സ്മാരകം പണിയുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുകയും ഇതിനായി റവന്യൂ വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തു. ഇത് പരിഗണിക്കുന്നതായിരിക്കും. ജാതിസർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കണമെന്ന ആവശ്യം റവന്യൂ വകുപ്പിന്റെയും പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ശിപാർശയോടുകൂടി വിദ്യാഭ്യാസ വകുപ്പിന്റെയും വൈകുണ്ഠ സ്വാമിയുടെ സമാധിസ്ഥലമായ സ്വാമിത്തോപ്പിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന ആവശ്യം ഗതാഗത വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കും. സമരവുമായി ബന്ധപ്പെട്ട് എടുത്ത കേസ്സുകൾ പിൻവലിക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വി.എസ്.ഡി.പി. ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ സ്വീകരിച്ച അനുകൂല നിലപാട് മാനിച്ച് വഴിതടയലടക്കമുള്ള സമരം അവസാനിപ്പിക്കുന്നതാണെന്ന് ഭാരവാഹികൾ അറിയിക്കുകയും ധാരണയാവുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ ആവശ്യമുള്ള എല്ലാ തീരുമാനങ്ങളിലും ധാരണയ്ക്കനുസരിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

9. കരിങ്കൽ ക്വാറി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതേ ആവശ്യം ശ്രീ. മാങ്കോട് രാധാകൃഷ്ണനും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്ക് പ്രസന്റ് ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കേരളത്തിലെ കരിങ്കൽ ക്വാറി മേഖലയിൽ പതിനായിരക്കണക്കിന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ലക്ഷക്കണക്കിന് തൊഴിലാളികൾ ആ മേഖലകൊണ്ട് ഉപജീവനം കഴിയുന്നുണ്ട്. അടുത്ത കാലത്ത് ക്യാബിനറ്റ് തീരുമാനമെന്ന പേരിൽ റവന്യൂ പുറമ്പോക്ക് പാറകൾ ലേലം ചെയ്യാൻ തീരുമാനിച്ചു എന്നറിയുന്നു. അത് പരമ്പരാഗതമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയെന്ന് ആ മേഖലയിൽ ജോലി ചെയ്യുന്നവർ പറയുന്നു. ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഈ മേഖലയിലെ ജീവനക്കാരും തൊഴിലാളികളും ഉടമകളുമെല്ലാം സമരം ചെയ്യുകയാണ്. നമുക്കറിയാം, കരിങ്കല്ലിനും മണലിനും വലിയ ക്ഷാമമാണ്. ഈയിടെ പല ജില്ലകളിലും മണൽ മേഖല പാർട്ടി സൊസൈറ്റികളുടെ നിയന്ത്രണത്തിൽ വന്നു. അതുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം കാണാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. മാത്രമല്ല, ഇപ്പോൾ പ്രവർത്തിക്കുന്നവർ പഞ്ചായത്തിന്റെയും പോലീസിന്റെയും പൊല്യൂഷൻ കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെയും ലൈസൻസിനു വേണ്ടി ഒരുപാട് ബുദ്ധിമുട്ടുന്നുണ്ട്. അത്തരം പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് പരിഹാരം കാണണം. അതിനുപകരം ചെറുകിട മേഖലയെ മുഴുവൻ തകർക്കുന്ന വിധത്തിൽ അതിനെ ലേലമെന്ന പേരിലൊക്കെ മാറ്റിമറിക്കാനുള്ള ശ്രമം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇപ്പോൾ റോഡുനിർമ്മാണത്തിനും വീടുനിർമ്മാണത്തിനും കരിങ്കല്ലും മണ്ണും കിട്ടാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് ആൾ കേരള ക്വാറി അസോസിയേഷൻ ഉന്നയിക്കുന്ന ഈ വിഷയം ഗൗരവത്തിൽ ഗവൺമെന്റ് കാണുകയും ലേല നടപടിയിൽനിന്ന് പുറകോട്ടു പോകുകയും അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും ചെയ്യണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഇവിടെ ഉന്നയിച്ച വിഷയം ശ്രീ. മാങ്കോട് രാധാകൃഷ്ണനും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശ്രീ. സി. കെ. പി. പത്മനാഭൻ ഈ വിഷയം കഴിഞ്ഞ സമ്മേളനത്തിലും കൊണ്ടുവന്നതാണ്. ഗവൺമെന്റ് അത് വിശദമായി പരിശോധിക്കുകയുണ്ടായി. പാറ ഖനനമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സുതാര്യവും പ്രസ്തുത തൊഴിൽ മേഖലയിലെ തൊഴിലാളികളുൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം കണ്ടെത്തിക്കൊണ്ടും സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഹാനികരമല്ലാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജില്ലാതലത്തിൽ ക്വാറിംഗിനാവശ്യമായ ലൈസൻസുകൾ നൽകാൻ ഏകജാലക സംവിധാനമേർപ്പെടുത്താനും ജില്ലാകളക്ടർമാർ അവരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് എക്സ്പ്ലോസീവ് ലൈസൻസ് നൽകാനും ചെറുകിട ക്വാറിയുടമകൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് സമ്പാദിക്കുന്നതിനായി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ലൈസൻസിന് അപേക്ഷിക്കുവാനുള്ള അവസരമൊരുക്കുവാനുമാണ് ഗവൺമെന്റ് ഈ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുള്ളത്. പുതുതായി പാറഖനനത്തിന് അനുമതി നൽകുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി മന്ത്രിസഭാ യോഗത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. സംസ്ഥാനത്ത് ക്വാറി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ മാത്രമേ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയുള്ളൂ. കുത്തക കമ്പനികൾ കടന്നുവരാനും ഈ മേഖല കൈയടക്കാനും ഇടവരുമെന്ന ആശങ്ക ഉണ്ടായിട്ടുണ്ട്. ഇതും ഗൗരവമായി പരിശോധിക്കുന്നതാണ്. ലേലം ചെയ്യുമ്പോൾ വലിയ കമ്പനികൾ കടന്നുവരാനുള്ള സാധ്യത ഉണ്ട് എന്നത് ഗവൺമെന്റും മനസ്സിലാക്കുകയാണ്. അതുകൊണ്ട് ഇന്നു നിലനിൽക്കുന്ന ക്വാറികൾ നിയമാനുസൃതം പ്രവർത്തിക്കാനും നിലനിറുത്താനും കഴിയുന്നവിധത്തിൽ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. മന്ത്രിസഭ ഇതു സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശമിറക്കുമ്പോൾ ഈ കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമെടുക്കും. സർക്കാരിന് ഇതിനോടെല്ലാം അനുഭാവപൂർവ്വമായ സമീപനം തന്നെയാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly